സെന്റ് മേരിസ് ഹൈസ്കൂൾ

ഇളങ്ങുളം

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

2025- 2026

# ഇളങ്ങുളം സെന്റ് മേരീസ് ഹൈസ്കൂളിന്റെ ലഘുചരിത്രം

കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി വിദ്യാഭ്യാസജില്ലയിലെ ആദ്യകാല വിദ്യാലയങ്ങളിലൊന്നാണിത്. 1895ൽ റവ. ഫാ യൗസേപ്പ് മൈലാടിയിൽ പള്ളിക്കുവേണ്ടി നിർമ്മിച്ച ഓലപ്പുരയിൽ നിലത്തെഴുത്ത് കളരിയും പള്ളിക്കൂടവും തുടങ്ങിയതാണ് സ്കൂളിന്റെ പ്രാരംഭം. 1912ൽ പ്രൈമറി സ്കൂളിന് വേണ്ടി കെട്ടിടം നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചു. 1953ന് ഹൈസ്കൂൾ സ്ഥാപിതമായി. 2003ൽ ഹൈസ്കൂളിന്റെ സുവർണ്ണജൂബിലിയും 2012ൽ പ്രൈമറി സ്കൂളിന്റെ ശതാബ്ദിയും ആഘോഷിച്ചു.

## സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ

അപ്പർ പ്രൈമറി വിഭാഗത്തിൽ 5, 6, 7 ക്ലാസുകൾക്ക് ഒരു ഡിവിഷൻ വീതവും ഹൈസ്കൂൾ വിഭാഗത്തിൽ 2 ഡിവിഷനുകൾ വീതവും പ്രവർത്തിക്കുന്നു. എല്ലാ ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ് റൂമുകളാണ്.

| കുട്ടികളുടെ എണ്ണം | | | |
|---|---|---|---|
| STD | B | G | T |
| 5 | 10 | 16 | 26 |
| 6 | 12 | 10 | 22 |
| 7 | 22 | 19 | 41 |
| 8 A | 18 | 21 | 39 |
| 8 B | 20 | 8 | 28 |
| 9 A | 13 | 18 | 31 |
| 9 B | 14 | 12 | 26 |
| 10 A | 15 | 17 | 32 |
| 10 B | 23 | 9 | 32 |
| Total | 147 | 130 | 277 |

| തസ്തിക | M | F | Total |
|---|---|---|---|
| HM | – | 1 | 1 |
| HSA | 3 | 6 | 9 |
| UPSA | – | 4 | 4 |
| LG HINDI | – | 1 | 1 |
| LG SANSKRIT | – | 1 | 1 |
| CLERK | 1 | – | 1 |
| O.A | 1 | 1 | 2 |
| FTM | 1 | – | 1 |
| TOTAL | 6 | 14 | 20 |

## അധ്യാപക രക്ഷാകർതൃ സമിതി

രക്ഷാകർത്താക്കളുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന പി.റ്റി.എ എക്സിക്യൂട്ടീവ് കമ്മിറ്റി പ്രവർത്തിക്കുന്നു. പൊതുയോഗങ്ങളും, ക്ലാസ് പി.റ്റി.എ.കളും പ്രവർത്തിക്കുന്നു. ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ബാലഭവൻ, ബാലികാഭവൻ എന്നീ സ്ഥാപനങ്ങളിൽ നിന്നായി സാമ്പത്തിക പിന്നാക്കാവസ്ഥയിലുള്ള ശിഥില കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾ ഈ സ്കൂളിൽ പഠിക്കുന്നുണ്ട്.

സാമൂഹിക – സാമ്പത്തിക പിന്നാക്കാവസ്ഥയിൽ കഴിയുന്ന കുട്ടികളും ഈ പൊതുവിദ്യാലയത്തിലുണ്ട്. ഇവരുടെ വിദ്യാഭ്യാസത്തിന്റെ പ്രധാനപ്പെട്ട ആശ്രയസ്ഥാനമാണ് ഈ വിദ്യാലയം.

## സാധ്യതകളും പ്രതീക്ഷകളും

മൂവാറ്റുപുഴ - പുനലൂർ ഹൈവേയുടെ സമീപത്ത് സ്ഥിതി ചെയ്യുന്ന ഈ സ്കൂൾ യാത്രാസൗകര്യത്തിൽ വളരെ മെച്ചപ്പെട്ടതാണ്. സ്കൂൾ ബസ് സൗകര്യങ്ങളില്ലാതെ തന്നെ കുട്ടികൾക്ക് ബുദ്ധിമുട്ടില്ലാതെ സ്കൂളിലേക്ക് വരാനും പോകാനും സ്വകാര്യബസ് സർവ്വീസുകൾ നിരവധിയുണ്ട്. സ്കൂളിന് ഒരു ബസും വാനും സ്വന്തമായിട്ടുണ്ട്. ഐ.ടി പഠനം നടത്താൻ ഐ.ടി. ലാബ്, സയൻസ് ലാബ്, മൾട്ടിമീഡിയ റൂം, ലൈബ്രറി, പുത്തൻ സൗകര്യങ്ങളോടുകൂടിയ പാചകപ്പുര മുതലായവ ഇവിടെയുണ്ട്. കുറഞ്ഞ ചെലവിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്ന സാമൂഹ്യലക്ഷ്യം നേടാൻ രക്ഷിതാക്കളെയും കുട്ടികളെയും പ്രാപ്തരാക്കും.

## അക്കാദമിക മാസ്റ്റർ പ്ലാൻ - പ്രസക്തി.

ഓരോ കുട്ടിയെയും ഒരു യൂണിറ്റായി പരിഗണിച്ചുകൊണ്ടും സവിശേഷശ്രദ്ധ വേണ്ട കുട്ടികളെ മുഖ്യധാരയിലേക്ക് എത്തിച്ചുകൊണ്ടും എല്ലാ കുട്ടികളുടെയും സമഗ്രവികസനത്തിനുതകുന്ന തരത്തിൽ സ്കൂളിലെ അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. വ്യത്യസ്ത വിഷയങ്ങളുടെ പഠനപ്രവർത്തനങ്ങൾ, പാഠാനുബന്ധപ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ, പഠനയാത്രകൾ, പ്രകൃതിയിൽ നിന്നു പഠിക്കൽ എന്നിവയെല്ലാം ഏകോപിപ്പിക്കുകയും ഓരോ ക്ലാസിലും എല്ലാ വിഷയങ്ങളിലും നേടേണ്ട ധാരണകളും ശേഷികളും കൈവരിക്കുകയും ചെയ്യാനുതകുന്ന രീതിയിൽ സ്കൂളും പരിസരവും കുട്ടികൾക്കായി പരിവർത്തനപ്പെടേണ്ടതാണ്.

സ്നേഹം, സാഹോദര്യം, അനുകമ്പ, സഹകരണം, സഹവർത്തിത്വം, യുക്തിചിന്ത, പരിസ്ഥിതി ജ്ഞാനം, തൊഴിൽ നൈപുണി തുടങ്ങിയ കാര്യങ്ങൾ വീട്-വിദ്യാലയ - സാമൂഹ്യ സാഹചര്യത്തിൽ നിന്ന് കുട്ടികൾ നേടിയെടുക്കണം. അതിനുള്ള വിവിധ പദ്ധതികൾ അക്കാദമിക പ്രവർത്തനങ്ങളിലൂടെ കുട്ടികൾക്കായി നടപ്പാക്കേണ്ടതാണ്. അവ തികച്ചും ശിശുകേന്ദ്രിതവും, കുട്ടികളുടെ സജീവ പങ്കാളിത്തവും കുട്ടികളുടെ ഭയരഹിതമായ ഇടപെടലുകളും അനുവദിക്കുന്നതുമായിരിക്കണം.

## പ്രധാന പ്രവർത്തനങ്ങൾ

1) ഭാഷാ ശേഷികളുടെ വികസനം - മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം എന്നീ ഭാഷകളിൽ അടിസ്ഥാനശേഷി നേടുക.

2) ശാസ്ത്ര- ഗണിതശാസ്ത്ര - സാമൂഹ്യശാസ്ത്ര - ഐ.ടി. വിഷയങ്ങളിൽ മികവുനേടുക. ശാസ്ത്രബോധം, യുക്തിചിന്ത, ഗണിതശേഷികൾ, സാമൂഹ്യബോധം, വിവരവിനിമയ സാങ്കേതിക വിദ്യയുടെ ശരിയായ ഉപയോഗം എന്നിവയിൽ പടിപടിയായ നൈപുണികൾ ആർജ്ജിക്കുക

3) ലബോറട്ടറിയുടെ ഉപയോഗം - കുട്ടികൾക്ക് പരീക്ഷണങ്ങൾ കണ്ടും ചെയ്തും പഠിക്കുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കുക.

4) ദിനാചരണങ്ങൾ ഫലപ്രദമാക്കുക - പ്രത്യേകതയുള്ള ദിവസങ്ങൾ അതിന്റെ പ്രാധാന്യം ഉൾക്കൊണ്ട് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ പര്യാപ്തമാക്കുക.

5) പഠനയാത്രകൾ നടത്തുക - പരിസ്ഥിതിയെ അറിയാനും, നാടിനെ അറിയാനും, സഞ്ചാരത്തിന്റെ സാധ്യതകൾ ആസ്വദിക്കാനും യാത്രാവിവരണം തയ്യാറാക്കാനും വഴിയൊരുക്കുക.

6) പ്രവൃത്തി പരിചയ പ്രവർത്തനങ്ങൾ - തൊഴിൽ നൈപുണി വളർത്താൻ പര്യാപ്തമായ കാര്യങ്ങൾ പരിശീലിപ്പിക്കുക.

7) കലാ-കായിക മേളകൾ - കുട്ടികളുടെ കലാഭിരുചികൾ, കായികക്ഷമത എന്നിവ വളർത്താനാവശ്യമായ പരിശീലന പരിപാടികൾ, ക്യാമ്പുകൾ സംഘടിപ്പിക്കുക.

8) പച്ചക്കറികൃഷി പരിശീലനം - ജൈവപച്ചക്കറികൃഷിയുടെ പ്രസക്തിയുൾക്കൊണ്ട് അതിനുള്ള പരിശീലനം നേടുക.

9) ലൈബ്രറി വിപുലീകരണം - സ്കൂൾ ലൈബ്രറിയുടെ സാധ്യതകൾ അക്കാദമിക വികാസത്തിന് ഉപകരിക്കുക.

10) സഹവാസക്യാമ്പുകൾ, അഭിമുഖങ്ങൾ, ക്യാമ്പ് സന്ദർശനങ്ങൾ, സ്കൂൾ അസംബ്ലി, സ്കൂൾ പാർലമെന്റ് എന്നിവ സംഘടിപ്പിക്കുക.

11) ശുചിത്വം, ട്രാഫിക് നിയമങ്ങൾ, സൈബർ നിയമങ്ങൾ എന്നിവയിൽ അറിവു നേടുക.

12) ഭവനസന്ദർശനം നടത്തി സ്ഥിതി വിവരങ്ങൾ ശേഖരിക്കുക.

13) പഠന, സാമ്പത്തിക, ശാരീരിക, പിന്നാക്കാവസ്ഥയിലുള്ള കൂട്ടുകാരെ സഹായിക്കുക.

14) വൃദ്ധസദനങ്ങൾ, അനാഥാലയങ്ങൾ, ആശുപത്രികൾ എന്നിവ സന്ദർശിക്കുക.

15) മതസൗഹാർദ്ദ സമ്മേളനങ്ങൾ സംഘടിപ്പിക്കുക. തുടങ്ങിയ പരിപാടികളിലൂടെ കുട്ടികളുടെ പഠനപ്രവർത്തനങ്ങളെ സ്വാധീനിക്കുകയും അതുവഴി അക്കാദമിക നേട്ടങ്ങൾ കുട്ടികളെ ഉറപ്പിക്കുകയും ചെയ്യുക.

# അക്കാദമിക് മാസ്റ്റർപ്ലാൻ - മലയാളം

## ആമുഖം

വിദ്യാഭ്യാസ ലക്ഷ്യങ്ങളിലൊന്നായ സമഗ്ര വ്യക്തി വികാസത്തിലേക്ക് വിദ്യാർത്ഥികളെ നയിക്കുന്നതിൽ സുപ്രധാനപങ്കാണ് വായനയ്ക്കുള്ളത്.

പാഠപുസ്തകങ്ങൾക്കപ്പുറമുള്ള വായനയുടെ ലോകത്തിലേക്ക് പ്രവേശിക്കുന്നതിലൂടെ വിദ്യാർഥികളുടെ സർഗാത്മകശേഷിയാണ് വികസിതമാകുന്നത്. വിജ്ഞാനത്തിന്റെ വിവിധ മണ്ഡലങ്ങളെ മാനവിക മൂല്യങ്ങളുമായി കോർത്തിണക്കുന്നതിനും അപരിചിതമായ ജീവിതാനുഭവങ്ങളെ തിരിച്ചറിയുന്നതിനുമായി വിദ്യാർത്ഥികളിൽ വായനാനുഭവം വളർത്തേണ്ടത് അനിവാര്യമാണ്. ആനന്ദകരമായ അനുഭവമായി പുസ്തകവായനയെ കുട്ടികൾ തിരിച്ചറിയും വിധമുള്ള നിരന്തരപ്രവർത്തനങ്ങളാണ് 2025-26 അധ്യയനകാലയളവിൽ സ്കൂളിൽ ആസൂത്രണം ചെയ്തിട്ടുള്ളത്. ഓരോ വിദ്യാർത്ഥിയിലൂടെയും രൂപപ്പെടുന്ന വായനസംസ്കാരത്തിലേക്ക് വിദ്യാലയത്തെ എത്തിക്കുകയെന്ന ലക്ഷ്യമാണ് ഈ ആസൂത്രണത്തിനുള്ളത്.

## ലക്ഷ്യം

1) 5 മുതൽ 10 വരെ ക്ലാസ്സുകളിലെ ഓരോ കുട്ടിയും ആർജിക്കേണ്ട ഭാഷാപരമായ ശേഷികളും ധാരണകളും നൈപുണികളും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തും.

2) കുട്ടികളിലെ രചനാപരമായ ശേഷി കണ്ടെത്തുന്നതിനും പ്രകടിപ്പിക്കുന്നതിനും വേദി സജ്ജമാക്കുക.

3) കുട്ടികളിൽ വായനയുടെ സംസ്കാരം വളർത്തുക.

## മാതൃഭാഷാപഠനം-പ്രശ്നങ്ങൾ

1) 5 മുതൽ 10 വരെ ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരത്തിൽ എത്താൻ കഴിയുന്നില്ല.

2) സർഗ്ഗാത്മക രചനകൾക്ക് വേണ്ടത്ര പ്രാധാന്യവും പ്രോത്സാഹനവും ലഭിക്കുന്നില്ല.

3) വായനയുടെ ലോകത്തേക്ക് കുട്ടികളെ എത്തിക്കാൻ കഴിയുന്നില്ല.

## പ്രശ്നവിശകലനം

| കാരണങ്ങൾ | പരിഹാര നിർദ്ദേശം - പദ്ധതി |
| --- | --- |
| 1. വായനയോടുള്ള താല്പര്യക്കുറവ്<br>2. ലൈബ്രറി ഫലപ്രദമായി ഉപയോഗിക്കുന്നില്ല.<br>3. വായന പ്രവർത്തനങ്ങൾക്കുള്ള സമയക്കുറവ്.<br>4. സർഗാത്മക രചനകൾക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല.<br>5. ഭാഷാ വ്യവഹാരങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല. | 1. പിറന്നാളിനൊരു പുസ്തകം.<br>2. വായനക്കുറിപ്പ്<br>3. ചുവർമാഗസിൻ<br>4. കൈയെഴുത്ത്/ ഡിജിറ്റൽ മാഗസിൻ.<br>5. സാഹിത്യ പദയാത്ര.<br>6 വായനക്കൂട്ടം - പുസ്തകചർച്ച |

# പ്രവർത്തന പദ്ധതി വിശദീകരണം

## പ്രവർത്തനം-1

### പിറന്നാളിനൊരു പുസ്തകം

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം | വിഷയ-സമിതി | ജൂൺ മെയ് | | |
| SRG അംഗീകാരം | വിഷയ-സമിതി | മെയ് | | |
| പദ്ധതി നടത്തിപ്പ് | വിഷയ-സമിതി | ജൂൺ-ഫെബ്രുവരി | 200 | രക്ഷിതാവ് |
| പുസ്തക സമാഹാരണം | ലൈബ്രേറിയൻ | ജൂൺ-ഫെബ്രുവരി | | |

## പ്രവർത്തനം 2
### വായനക്കുറിപ്പ്

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
| --- | --- | --- | --- | --- |
| ആശയരൂപീകരണം | വിഷയസമിതി | ജൂൺ-മെയ് | | |
| SRG അംഗീകാരം | വിഷയസമിതി | മെയ് | | |
| നടത്തിപ്പ് | ക്ലാസ് ടീച്ചർ | ജൂൺ-ഫെബ്രുവരി | 200 | രക്ഷിതാവ് |
| വായനക്കുറിപ്പ് സമാഹരണം | ക്ലാസ് ലീഡർ | ജൂൺ-ഫെബ്രുവരി | | |
| പതിപ്പ് തയ്യാറാക്കൽ | കൺവീനർ വായനക്കൂട്ടം | മാസത്തിൽ ഒന്ന് | 500 | PTA |

## പ്രവർത്തനം 3
### ചുവർ മാഗസിൻ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
| --- | --- | --- | --- | --- |
| ആശയരൂപീകരണം | വിഷയസമിതി | ജൂൺ | | |
| ഉദ്ഘാടനം | വിഷയസമിതി | ജൂൺ | | |
| പദ്ധതി നടത്തിപ്പ് | ക്ലാസ് ടീച്ചർ / എഡിറ്റർ | ജൂൺ - ഫെബ്രുവരി | | |

## പ്രവർത്തനം 4
## കൈയ്യെഴുത്ത് / ഡിജിറ്റൽ മാഗസിൻ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയ രൂപീകരണം | വിഷയസമിതി | ജൂൺ | | |
| സൃഷ്ടികൾ സ്വീകരിക്കൽ | ക്ലാസ് എഡിറ്റർ | സെപ്റ്റംബർ | | |
| തിരഞ്ഞെടുപ്പ് | എഡിറ്റോറിയൽ ബോർഡ് | സെപ്റ്റംബർ | | |
| നിർമ്മാണം | എഡിറ്റോറിയൽ ബോർഡ് | സെപ്റ്റംബർ | | |

## പ്രവർത്തനം 5
## സാഹിത്യ പഠനയാത്ര

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആലോചനായോഗം | വിഷയസമിതി | ജൂലൈ | | |
| പഠനയാത്ര | ടൂർ കൺവീനർ | ജൂലൈ | 10000 | രക്ഷിതാക്കൾ |
| യാത്രാനുഭവക്കുറിപ്പ് | ക്ലാസ് ടീച്ചർ | ജൂലൈ | | |
| പതിപ്പ് നിർമ്മാണം | കൺവീനർ വായനക്കൂട്ടം | ജൂലൈ | 500 | PTA |

പ്രവർത്തനം 6

വായനക്കൂട്ടം - പുസ്തകചർച്ച

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | വിലയിരുത്തൽ |
| --- | --- | --- | --- | --- |
| ആശയരൂപീകരണം | വിഷയസമിതി | മെയ് | | |
| വായനക്കൂട്ടം രൂപീകരണം | കൺവീനർ വായനക്കൂട്ടം | ജൂൺ | | |
| പുസ്തകചർച്ച - വെള്ളിയാഴ്ചക്കൂട്ടം | കൺവീനർ വായനക്കൂട്ടം | ജൂൺ- ഫെബ്രുവരി | | |

## പരിഹാരപ്രവർത്തനം - പദ്ധതി വിശദാംശങ്ങൾ

1) പിറന്നാളിനൊരു പുസ്തകം

കുട്ടികളുടെയും അധ്യാപകരുടെയും പിറന്നാൾദിനം സ്കൂൾ ലൈബ്രറിയിലേക്ക് ഒരു പുസ്തകം സമ്മാനമായി നൽകുകയെന്നതാണ് ഈ പദ്ധതി. വിദ്യാർത്ഥികൾക്ക് പുതിയ പുസ്തകങ്ങൾ പരിചയപ്പെടാനും ലൈബ്രറി പുസ്തകങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാനും ഈ പദ്ധതി സഹായകമാകും.

2. വായനക്കുറിപ്പ്

കുട്ടികൾ സ്വയം അറിവ് നിർമ്മിച്ച് ആശയങ്ങളും ധാരണകളും നൈപുണികളും മനോഭാവങ്ങളും വികസിപ്പിക്കുന്നതിന് വിഭാവനം ചെയ്യുന്ന പാഠ്യപദ്ധതിയാണ് നിലവിലുള്ളത്. കാലികവും ശാസ്ത്രീയവുമായ പിന്തുണയുള്ള ഈ സമീപനം കുട്ടികളെ സ്വയംപഠനത്തിലേക്ക് നയിക്കും. എല്ലാ ദിവസവും ക്ലാസ് ആരംഭിക്കുമ്പോൾ ടീച്ചറുടെ നേതൃത്വത്തിൽ വായനക്കുറിപ്പ് അവതരണം നടത്തണം.

3 ചുവർമാഗസിൻ

ഓരോ ക്ലാസിനും ചുമർ മാസിക ഉണ്ടായിരിക്കണം. ക്ലാസ് മുറിക്കുള്ളിൽ തന്നെ അതിനായി അനുയോജ്യമായ സ്ഥലം തിരഞ്ഞെടുക്കണം. കഥ, കവിത, ലേഖനം, വാർത്തകൾ തുടങ്ങി വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉൾപ്പെടുത്തണം.

4 കൈയെഴുത്ത്/ഡിജിറ്റൽ മാഗസിൻ

പഠനപ്രവർത്തനത്തിന്റെയും ദിനാചരണങ്ങളുടെയും ഭാഗമായി ധാരാളം രചനകൾ കുട്ടികൾ വികസിപ്പിക്കാറുണ്ട്. ക്ലാസ് തലത്തിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തത്തോടെ മാഗസിൻ വികസിപ്പിക്കണം. ക്ലാസുകൾ തമ്മിൽ മത്സരവും കുട്ടികൾക്ക് പ്രോത്സാഹനവും നൽകണം.

5. സാഹിത്യപഠനയാത്ര.

മാതൃഭാഷയും സംസ്കാരവുമായി ബന്ധപ്പെട്ട സ്ഥലങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ച് അവയുടെ പ്രാധാന്യവും പ്രസക്തിയും തിരിച്ചറിയുന്നതിനുള്ള പദ്ധതി. ഇതിന്റെ പ്രാധാന്യം ക്ലാസ്. പി റ്റി എയിൽ അവതരിപ്പിക്കുകയും രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ അധ്യാപകരും കുട്ടികളും ക്ലാസ് അടിസ്ഥാനത്തിൽ പഠനയാത്ര നടത്തണം. ഭാഷയോടും കേരള സംസ്കാരത്തോടും ആദരവും സ്നേഹവും വളർത്തുവാൻ ഇത് സഹായിക്കും

6 വായനക്കൂട്ടം - പുസ്തകചർച്ച

കുട്ടികൾ തങ്ങൾ വായിച്ച പുസ്തകങ്ങളെപ്പറ്റി ചർച്ചകൾ സംഘടിപ്പിക്കണം. അസംബ്ലിയിൽ, വായിച്ച പുസ്തകങ്ങളെ പരിചയപ്പെടുത്തുകവഴി ധാരാളം പുസ്തകങ്ങളെക്കുറിച്ച് അറിവ് നേടാനാകും. ഭിന്നശേഷിക്കാരായ കുട്ടികളെ എല്ലാ പ്രവർത്തനങ്ങളിലും പങ്കെടുപ്പിക്കാനാകും.

# യു.പി. മലയാളം

ക. പഠനലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| • ആറ വർഷത്തിനുള്ളിൽ ഉദാത്ത സംസ്കാരത്തിന് വിരാമം | സ്കൂൾ സിലബസിന് പുറമെ വിദ്യാർത്ഥികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ധരിൽ നിന്നും പരിശീലനം. | അവധിക്കാലം | പി.ടി.എ<br>പ്രഥമാധ്യാപിക | രക്ഷിതാക്കൾ |
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1. ഭാഷയുടെ അടിസ്ഥാനശേഷി വികസനം. ആശയ സംവേദനം നടത്താനുള്ള പദസമ്പത്ത് വളർത്താനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നു. | എന്റെ അവധിക്കാലം<br>വിദ്യാർത്ഥികൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം) അനുഭവക്കുറിപ്പ് ഇവ അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | ഭാഷാകേളി<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, അസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്<br>അക്ഷരങ്ങളും ചിഹ്നങ്ങളും ചേർന്ന കാർഡുകളുപയോഗിച്ച് പദങ്ങളും വാക്യങ്ങളും നിർമ്മിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2. പഠിതാവിൽ ആത്മവിശ്വാസപൂർണ്ണമായ വായന ഉറപ്പ് വരുത്തുന്നു. | വാർത്താലോകത്തേയ്ക്ക്<br>പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | നിത്യവും | മലയാളം അധ്യാപകർ | |
| | വാർത്താവായന<br>നവമാധ്യമങ്ങളുടെ സഹായത്തോടെ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ്സ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | എല്ലാ മാസവും | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ, ക്ലാസ്സ്, സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി പ്രശ്നോത്തരി നടത്തുന്നു. | വർഷത്തിൽ 8 തവണ | മലയാളം ക്ലബ്ബ് | |
| 3. സാഹിത്യ കൃതികളോടും സാഹിത്യകാരൻമാരോടുമുള്ള അനുകൂല | സംവാദം/ മുഖാമുഖം<br>സാഹിത്യകാരൻമാർ, എഴുത്തുകാർ, കലാകാരൻമാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണ | വർഷത്തിൽ 2 പ്രാവശ്യം | പ്രഥമാധ്യാപിക<br>മലയാളം അധ്യാപകർ | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | വും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | | | |
| 4. മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടിയെടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും | ഇ കമ്പ്യൂട്ടറിംഗ്<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലനം കൊടുത്ത് ഇ-മാഗസിൻ പ്രസിദ്ധീകരിക്കുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി അധ്യാപകർ | മലയാളം ക്ലബ്ബ് |
| | • എല്ലാ വിദ്യാർത്ഥികളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | മലയാളം ക്ലബ്ബ് |
| 5. പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കുന്നു. | രംഗാവിഷ്കാരം<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം കൊടുക്കുന്നു.<br>• വിദഗ്ധരായ നാടക കലാകാരന്മാരെയും വന്ന് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 6. കുട്ടികളുടെ സർഗ്ഗാത്മക ശക്തി പ്രദർശിപ്പിക്കൽ | എന്റെ മികവ് എന്റെ നേട്ടം എല്ലാം വിശേഷദിനങ്ങളും, ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ വേദികളിൽ കഴിവ് തെളിയിച്ച കുട്ടികളുമായി അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളെയും അതിന്റെ രചയിതാവിനെയും അതിലെ ഉള്ളടക്കത്തെയും കുറിച്ച് പറയുന്നു. നമ്മുടെ കഴിവുകൾ മറ്റുള്ളവർക്ക് മുമ്പിൽ പ്രദർശിപ്പിക്കുന്നു. | രണ്ടാഴ്ചയിൽ 1 | ക്ലാസ് ലീഡർ, സ്കൂൾ ലീഡർ, മലയാളം അദ്ധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

# യു.പി. സംസ്കൃതം

| ലക്ഷ്യം | | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം | ക്ലാസിതര പ്രവർത്തനങ്ങൾ |
|---|---|---|---|---|---|
| • എല്ലാ കുട്ടികളെയും ഭാഷാ പഠനത്തിൽ തൽപരരാക്കുന്നു. • അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക. | കുട്ടികളുടെ പഠന വികാസങ്ങളും പരിമിതികളും മനസ്സിലാക്കി അവരുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള പഠന പ്രവർത്തനങ്ങളും പഠനരീതികളും സ്വീകരിക്കുന്നു. | ജൂൺ – മാർച്ച് | പാഠപുസ്തകങ്ങൾ, ചിത്രങ്ങൾ, വീഡിയോ. | അധ്യാപിക | അനുരൂപീകരണ സ്ഥലം. സഹപാഠികളുടെ പിന്തുണ. പഠനപ്രവർത്തനങ്ങളിൽ സഹായിക്കൽ. ഗ്രൂപ്പ് തല പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തൽ. |
| • വായനാവാരത്തോടനുബന്ധിച്ചുള്ള ക്ലാസ് തല പ്രവർത്തനം. | രചന, ശില്പശാല അധ്യാപകൻ ഒരു പുസ്തകം പരിചയപ്പെടുത്തി അവലോകനം പറയുന്നു. | | | | |
| • സാഹിത്യാഭിരുചി വളർത്താനുള്ള പ്രവർത്തനങ്ങൾ | കുട്ടികൾ പുസ്തകാവലോകനം തയ്യാറാക്കുന്നു. | | | | |
| • ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗ്ഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകൽ. | പ്രശ്നോത്തരി, മാഗസിൻ കഥ, കവിത ഉപന്യാസം എന്നിവ ഉപയോഗിച്ചുള്ള പരിശീലനം, സൃഷ്ടി. | | | | |

| ലക്ഷ്യം | | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം | ക്ലാസിതര പ്രവർത്തനങ്ങൾ |
|---|---|---|---|---|---|
| • സംസ്കൃത ദിനാചരണം, സ്കൂൾ തല മത്സരങ്ങൾ നടത്തി സബ്ജില്ലാ തലത്തിൽ പങ്കെടുപ്പിക്കൽ സ്വാതന്ത്ര്യദിനം<br>• ഭാഷാപഠനം കലാപരിചയം<br>• സംഭാഷണ ശിബിരം<br>• പഠനയാത്ര | ദിനാചാരിത ക്ലബ്ബ് രൂപീകരണം സംസ്കൃത സന്ദേശം, ശ്രേഷ്ഠ വ്യക്തികളുടെ ക്ലാസ്, സംസ്കൃത പ്രദർശനം, വന്ദേമാതരാലാപനം.<br>• കലോത്സവത്തിനായി സംസ്ഥാന അധ്യാപകർ കുട്ടികളെ കണ്ടെത്തി കലാരൂപങ്ങൾ പരിചയപ്പെടുത്തി പരിശീലനം നൽകുന്നു.<br>• ഭാഷാ പ്രാധാന്യം കണക്കിലെടുത്ത് കഥ, സവ്യ, നിഘണ്ടു, എന്നിങ്ങനെ പ്രത്യേകം സജ്ജമാക്കുന്നു.<br>• പരീക്ഷ സംബന്ധമായി കുട്ടികളുടെ ഭാഷാ പ്രയോഗ സാമർത്ഥ്യം മെച്ചപ്പെടുത്തുന്നതിന്, എല്ലാ കുട്ടികളും താത്പര്യത്തോടെ പങ്കെടുക്കും.<br>• പാഠഭാഗവുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഒരു സ്ഥലസന്ദർശനം | | ചിത്രങ്ങൾ, വീഡിയോ | | സബ്ജില്ലാ, ജില്ലാ മത്സരാർത്ഥികൾക്ക് സംസ്കൃത അധ്യാപക കൂട്ടായ്മ സമ്മാനദാനം നടത്തുന്നു. |

| ലക്ഷ്യം | | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം | ആസൂത്രിത പ്രവർത്തനങ്ങൾ |
|---|---|---|---|---|---|
| • മത്സര പരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനം. | രാമായണ പ്രശ്നോത്തരി, സംസ്കൃത പ്രശ്നോത്തരി, സംസ്കൃത സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം.<br>• പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് പ്രീമോഡൽ, മോഡൽ, എസ്. എസ്. എൽ. സി. പരീക്ഷാ പരിശീലനം. | | | | |

# ACADEMIC MASTER PLAN H.S - ENGLISH

## INTRODUCTION

The Academic Master plan for English is a comprehensive framework designed to enhance students' language proficiency, literary knowledge and communication skills. It provides a well-structured, progressive curriculum that integrates reading, writing, speaking and listening. The plan emphasizes the importance of critical thinking, creative expression and analytical skills through exposure to diverse literary genres and real life language use. Through innovative teaching methods, inclusive content and continuous assessment, the plan ensures students gain confidence and competence in English.

# ACADEMIC MASTER PLAN H.S ENGLISH

| AIM | ACTIVITIES | TIME/MONTH | RESPONSIBILITY | FINANCIAL SUPPORT |
|---|---|---|---|---|
| 1. LSRW - To listen speak, read and write in English | Listening<br>1. Listening to stories in English.<br>2. Understanding ideas from videos, short film etc.<br>3. English assembly. | June-March | English teachers | |
| | Speaking<br>1. Communicative English classes<br>2. Role play, debates, skit, discussions puppet show, English assembly.<br>3. School radio<br>4. English fest | June - March (weekly / once in a month) | English teachers, SRG, English club | |

| AIM | ACTIVITIES | TIME/MONTH | RESPONSIBILITY | FINANCIAL SUPPORT |
|---|---|---|---|---|
| | Reading<br>1. English corner in classrooms (books, newspaper, magazines)<br>2. English library<br>3. Reading competitions | June - March | English teacher, English club | |
| | Writing.<br>1. Poster making, class magazine<br>2. Writing competitions (poem, essay, story)<br>3. English magazine (class level, school level) | June - March | English teacher, English club | |
| 2. Enable students to use English language without grammatical errors | Teaching grammar through language games and activities. | Once in a week. | English teacher | |

| AIM | ACTIVITIES | TIME / MONTH | RESPONSIBILITY | FINANCIAL SUPPORT |
|---|---|---|---|---|
| 3. Development of creative ability. | Reading and appreciating literary writings in English | Once in a week (Long term) | English teacher | |
| 4. Attention for low-proficient learners | Pre test<br>• Grouping based on academic performance<br>• Remedial teaching with the help of ICT and language games.<br>Post test. | June - March | English teacher | |
| | | | | |

## യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend your ear - ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപിക. | |
| | Follow me if you can ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ. | |

| | | | | |
|---|---|---|---|---|
| | അദ്ധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അദ്ധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അദ്ധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവസരം ഒരുക്കുന്നു. | | | |
| | Meet the foreigner : വിദേശ ഭാഷ സംസാരിക്കുന്ന ആളുടെ സംഭാഷണം കുട്ടികളെ കേൾപ്പിക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം. | ഇംഗ്ലീഷ് അധ്യാപകർ. | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | രണ്ടാഴ്ചയിൽ ഒരിക്കൽ. | ഇംഗ്ലീഷ് അധ്യാപകർ. | |

| | | | |
|---|---|---|---|
| | FM Corner: വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ നാടക രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ |
| | Reader of the month: ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകുന്നു. Reader of the month-നെ തിരഞ്ഞെടുത്ത് സമ്മാനങ്ങൾ നൽകുന്നു. | മാസം തോറും. | ഇംഗ്ലീഷ് അധ്യാപകർ. |
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My contribution. കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം. | ഇംഗ്ലീഷ് അധ്യാപകർ |
| | Alert zone പോസ്റ്ററുകൾ നോട്ടീസുകൾ എന്നിവ സ്കൂൾ അങ്കണത്തിലും ക്ലാസ്സുമുറികളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ. | ഇംഗ്ലീഷ് അധ്യാപകർ. |

| | | | | |
|---|---|---|---|---|
| | ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്കു തെറ്റുകൂടാതെ എഴുതുന്നു. അങ്ങനെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ. | |
| | കടംകഥകൾ കുസൃതി ചോദ്യങ്ങൾ ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ആഴ്ചകളിലും. | ഇംഗ്ലീഷ് അധ്യാപകർ. | |
| 4) ഇംഗ്ലീഷ് ഭാഷയിലുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള വ്യക്തികളെ ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5, 6, 7. ക്ലാസിലെ കുട്ടികൾക്ക് | വർഷാവസാനം. | ഇംഗ്ലീഷ് അധ്യാപകർ, PTA ഭാരവാഹികൾ, രക്ഷിതാക്കൾ. | |

| | | | | |
|---|---|---|---|---|
| | വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ടുവരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസ് – കഥകേൾക്കൽ-പറയൽ, കഥാനാടകമൊരുക്കൽ<br>ആറാം ക്ലാസ് – Role play, കവിത.<br>ഏഴാം ക്ലാസ് – സ്കിറ്റ്, പ്രസംഗം.<br>ക്യാമ്പിന്റെ ഒടുവിൽ Documentary / Film show. | | | |

## ഹിന്ദി HS

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | രീതികൾ |
|---|---|---|---|
| അക്ഷരം, ചിഹ്നം ഇടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. അക്ഷരങ്ങൾ എഴുതുവാനും വായിക്കുവാനും കഴിയുന്നതിനും പഠിപ്പിക്കുന്നു. | അക്ഷരമാല നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. അക്ഷരങ്ങൾ ആവർത്തിച്ച് എഴുതിപ്പിക്കുന്നു. | ജൂൺ - ജൂലൈ | അക്ഷരചാർട്ട് |
| ആഴ്ചയുടെ പേരുകൾ മാസങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ഓരോ കുട്ടിയുടെയും ജനനത്തിയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. | ആഗസ്റ്റ് - സെപ്റ്റംബർ | |
| എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു. | ഒക്ടോബർ - നവംബർ | |

ഹിന്ദി HS

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | |
|---|---|---|---|
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നല്കുന്നു. | ഒക്ടോബർ. നവംബർ | |
| വായനയ്ക്ക് അധിക പ്രാധാന്യം നല്കുന്നു. | വായന കാർഡുകൾ വായനയ്ക്കായി നൽകുന്നു. | ഡിസംബർ- ജനുവരി | |

ഹിന്ദി UP

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
| --- | --- | --- | --- |
| കുട്ടികൾക്ക് അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ. | അക്ഷരം എഴുത്ത്, ചിഹ്നം ഉറപ്പിക്കൽ അക്ഷരമാല പ്രദർശനം, വാക്യങ്ങളുടെ നിർമ്മാണം, വാക്കുകൾ നിർമ്മാണം. | ജൂൺ - ആഗസ്റ്റ് | അക്ഷരചാർട്ട് പാഠപുസ്തകം |
| കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക. | വസ്തുക്കളുടെ പേര് പഠിക്കൽ | സെപ്റ്റംബർ - ഒക്ടോബർ | |
| ആശയങ്ങൾ തെറ്റു കൂടാതെ പറയുവാനുള്ള അവസരം | അധിക വായന | നവംബർ - ഫെബ്രുവരി | പുസ്തകങ്ങൾ |

# മേഖല — ഹൈസ്കൂൾ - സയൻസ് [Physics, Chemistry]

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അത്ഭുത കണ്ടെത്തലുകൾ.... <br> കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക. | * ലഘുപരീക്ഷണങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെടുത്തി ചെയ്യുന്നതിനും, പരീക്ഷിക്കുന്നതിനും അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപിക | |
| | * പാഠഭാഗവുമായി ബന്ധപ്പെട്ട നിത്യജീവിതത്തിലെ ഉദാഹരണങ്ങൾ കണ്ടെത്തുന്നതിനും, വിശദമാക്കുന്നതിനും, സഹപാഠികളുമായി ചർച്ച ചെയ്യുന്നതിനും, നൂതന ആശയങ്ങൾ രൂപീകരിക്കുന്നതിനും സാഹചര്യം ഒരുക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപിക. | സയൻസ് ക്ലബ്ബ്, ടീച്ചർ. |
| | * പാഠഭാഗവുമായി ബന്ധപ്പെട്ട മോഡലുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത്, കുട്ടികളെക്കൊണ്ട് മോഡലുകൾ നിർമ്മിക്കുന്നു. <br> - പ്രദർശനം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപിക. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | * സെമിനാറുകൾ, ലേഖനങ്ങൾ, റിപ്പോർട്ടുകൾ ഇവ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും, സഹായങ്ങൾ ചെയ്ത് കൊടുത്ത് അവതരിപ്പിക്കാൻ തയ്യാറാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപിക | സയൻസ് ക്ലബ്ബ്. |
| 2. ശാസ്ത്രലോകത്തെ ഴ്ക്ക്..... നിരന്തര വായി അന്വേഷണം നട-ത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | * ശാസ്ത്രത്തിലെ ശ്രദ്ധേയരായ ശാസ്ത്രജ്ഞന്മാരെക്കുറിച്ച് അന്വേഷണങ്ങൾ നടത്തി, വിവരങ്ങൾ ശേഖരിച്ച് അവരുടെ സംഭാവനകൾ തിരിച്ചറിയുന്നു. ⇒ പ്രശസ്തരായ 10 പേരുടെ ചരിത്രം പഠിക്കാൻ സഹായിക്കുന്നു. ⇒ ശാസ്ത്രാഭിമുഖ്യം വളരാൻ സഹായിക്കുന്നു- മറ്റുള്ളവർക്ക് അറിവ് പകർന്നു കൊടുക്കുന്നു. * ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപിക | സയൻസ് ടീച്ചർ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമഗ്രികൾ |
| --- | --- | --- | --- | --- |
| . | ⇒ വർഷത്തിൽ ഒരു പ്രാവശ്യം എങ്കിലും ശാസ്ത്ര വിഷയങ്ങളിൽ പ്രാവീണ്യമുള്ള വ്യക്തികളെ ക്ഷണിച്ച്, ഒരു നിശ്ചിത വിഷയത്തിൽ ക്ലാസ് സംഘടിപ്പിക്കുന്നു. ഈ ക്ലാസിന്റെ അടിസ്ഥാനത്തിൽ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു.<br>⇒ പ്രശസ്തരുടെ ശാസ്ത്രാനുഭവങ്ങൾ പങ്കുവയ്ക്കുന്നു – സയൻസിൽ താല്പര്യം ജനിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപിക | സയൻസ് ടീച്ചർ, സയൻസ് ക്ലബ്ബ്. |
| 3. ലൈഹാടക് വേൾഡ്.... <br>മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക. | * ശാസ്ത്ര ലൈബ്രറി, ശാസ്ത്രപഥം മാസിക എന്നിവയുടെ സഹായത്താൽ നൂതന അറിവുകൾ വികസിപ്പിക്കുന്നു.<br>* സയൻസ് ലാബ്, ഐ.ടി. ലാബ് എന്നിവയുടെ സഹായത്താൽ, ശാസ്ത്രബോധം വർദ്ധിപ്പിക്കാൻ സഹായിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപിക | സയൻസ് ക്ലബ്ബ്. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 4. ആയുർവേദ: <br> പരിസ്ഥിതി സൗഹാർദ്ദ മനോഭാവം വളർത്തുക. | * പരീക്ഷണശാലയിൽ, പരീക്ഷണങ്ങൾ ആവർത്തിച്ചു ചെയ്യുമ്പോഴും, നടത്തുമ്പോഴും കുട്ടികളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നു. <br> ⇒ രാസവസ്തുക്കളുടെ ആഗിരണം, പൊള്ളൽ സാധ്യതകൾ, ഷോക്ക് ഏൽക്കുന്ന സാഹചര്യങ്ങൾ എന്നിവ പരമാവധി ശ്രദ്ധിക്കുന്നതിന് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകുന്നു – സുരക്ഷയും കരുതലും ഉറപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് ടീച്ചർ, പ്രൈമറി ഹെൽത്ത് സെന്റർ, ഹെൽത്ത് ക്ലബ്ബ് | സയൻസ് ക്ലബ്ബ് |
| | * സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത സ്കൂൾ ക്യാമ്പസ് – ഒരു കുട്ടിയും പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിക്കാനോ വലിച്ചെറിയാനോ സാഹചര്യം ഉണ്ടാകാ | അക്കാദമിക വർഷം | സയൻസ് അധ്യാപിക, നേച്ചർ ക്ലബ്ബ്. | സയൻസ് ക്ലബ്ബ്. ഹരിത സേന. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| | - തിരിക്കാനുള്ള ബോധവത്കരണം.<br>- ക്ലാസ് ഹരിതവത്കരണം പ്രോത്സാഹിപ്പിച്ച് നടപ്പിലാക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപിക | സയൻസ് ക്ലബ്ബ് |
| 5. വൈജ്ഞാനിക ബഹിർസ്ഫുരണം<br>അന്വേഷണതൃഷ്ണ വർധിപ്പിക്കൽ, അറിവ് നേടൽ. | * പുതുപുത്തൻ സാങ്കേതിക വിദ്യും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു.<br>⇒ മെറ്റാ AI-യുടെ സഹായത്തോടെ നൂതന ആശയങ്ങൾ കണ്ടെത്തുന്നതിനും, അറിവ് പങ്ക് വയ്ക്കുന്നതിനും പ്രേരിപ്പിക്കുന്നു - ലോകത്തുള്ള ഏത് കാര്യത്തെക്കുറിച്ചും അന്വേഷിച്ച്, അറിവ് നേടാൻ സഹായിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപിക / IT ക്ലബ്ബ് ഭാരവാഹി -കൾ | സയൻസ് ക്ലബ്ബ് |

തയ്യാറാക്കിയത് :- Shinimol Joseph,
HST - Physical Science.

# ബയോളജി

| No | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ജൂൺ 5 പരിസ്ഥിതി ദിനം | ദിനാചരണം<br>വൃക്ഷത്തൈ നടീൽ<br>പോസ്റ്റർ രചനാ മത്സരം<br>ക്വിസ് മത്സരം<br>(VIII std. Unit 1)<br>സന്ദർശനങ്ങൾ<br>[illegible] | June to Sept. | Nature club<br>NCC | PTA |
| 2. | June 14<br>ലോക രക്തദാന ദിനം | രക്തഗ്രൂപ്പ് നിർണ്ണയം<br>സെമിനാർ | 2 week | Health club | – |
| 3. | June 21<br>അന്താരാഷ്ട്ര യോഗ ദിനം | യോഗ പരിശീലനം | 1 yr. | Health club | – |
| 4. | June 26<br>ലോക ലഹരി വിരുദ്ധ ദിനം | ബോധവൽക്കരണ ക്ലാസ്<br>തെരുവു നാടകം | 1 week | Health club | PTA |

| | | | | | |
|---|---|---|---|---|---|
| 5. | July 11<br>ലോക ജനസംഖ്യാ ദിനം | ക്വിസ് മത്സരം<br>class 8,9 | 1 day | Nature club | |
| 6. | August 17<br>കർഷകദിനം | Field visit<br>കർഷകനുമായി സംവദിക്കൽ | 1 week | Nature club | |
| 7. | August 29<br>ദേശീയ കായികദിനം | Exercise<br>Dance | 1 Year | Health club | |
| 8. | September 27<br>ലോക വിനോദ സഞ്ചാര ദിനം | Nature camp | 2 days | Nature club | PTA |
| 9. | December 3<br>ലോക ഭിന്നശേഷി ദിനം | ബോധവൽക്കരണക്ലാസ് | 1 day | Health club | |

യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | ഔഷധത്തോട്ടം, പച്ചക്കറി തോട്ടം. നിർമ്മാണം. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്. | |
| | വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, ചുറ്റുപാട് അറിയാൻ യാത്രകൾ. | ആഗസ്റ്റ്. | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ്. | രക്ഷിതാക്കൾ. |
| | നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു-പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമിക്കുന്നു. പരീക്ഷണ കുറിപ്പുകൾ | | | |

| | | | | |
|---|---|---|---|---|
| | ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്. | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുന്നു, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് വർദ്ധിപ്പിക്കുക. | ഊർജ്ജ ക്ലബ്ബ്, ആരോഗ്യക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്. | |
| | സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ | |
| | നൂതനശാസ്ത്രആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിക്കുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്. | |

| | | | | |
|---|---|---|---|---|
| | കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്രമാസികകൾ വായിപ്പിക്കുന്നു. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ. | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സഹായങ്ങളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ICT യുടെ സഹായത്തോടെ ശാസ്ത്ര വിഷയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പ്രമുഖ [illegible] ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ. | |

# HS ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതത്തിൽ അടിസ്ഥാനശേഷി പരിശോധിക്കുന്നു. | വർക്ക് ഷീറ്റുകൾ നൽകി ഗണിതത്തിലുള്ള അടിസ്ഥാന അറിവുകൾ പരിശോധിക്കുന്നു. പിന്നോക്കക്കാരെ തിരിച്ചറിയുന്നു. | | | |
| ഗണിത ക്ലിനിക് | അടിസ്ഥാന അറിവുകളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് കൂട്ടുകാരുടെ സഹായത്തോടെ പരിശീലനം നൽകുന്നു. | June to February | ഗണിതാധ്യാപകർ, | |
| ഗണിത ആശയത്തിൽ നിന്നും ഉടലെടുക്കുന്ന ഗണിതപ്രശ്നങ്ങൾ, അളവുകൾ | | | | |

# HS ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതക്രിയകൾ ചതുഷ്ക്രിയകൾ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രിടെസ്റ്റ് നടത്തി ചതുഷ്ക്രിയകളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പഠനപിന്തുണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഗണിതക്ലിനിക് രൂപീകരിക്കുന്നു. മുൻ കുട്ടികളുടെ സഹായത്തോടെ ഗണിതക്ലിനിക്കിന്റെ പ്രവർത്തനങ്ങൾ നടത്തുന്നു. | 1 വർഷം | അധ്യാപകർ കുട്ടികൾ | |
| സംഖ്യാബോധം വളർത്തൽ | ഗണിതക്ലബ് രൂപീകരണം. ഗണിത പൂക്കളം | 1 വർഷം | | |
| നിർമ്മിതിയിലെ ശേഷി കൈവരിക്കൽ | ഗണിതക്ലബിന്റെ ആഭിമുഖ്യത്തിൽ കുട്ടികളിൽ നിർമ്മിതികളുടെ ശേഷി | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | വളർത്തുന്നതിനായി ഗണിത ശില്പശാല നടത്തുന്നു. കുട്ടികൾ നിർമ്മിച്ച രൂപങ്ങൾ, ചാർട്ടുകൾ ഇവയൊക്കെ ഗണിത ലാബിലേക്ക് ശേഖരിക്കുന്നു. | July To September | | |
| കുട്ടികളുടെ സർഗ്ഗ വാസന വളർത്തുന്നതിന് | മാഗസിൻ നിർമ്മാണം. | August, September | അധ്യാപകർ കുട്ടികൾ | Rs 250/- |
| ഗണിത ശാസ്ത്രമേള യിലെ പങ്കാളിത്തം | ശാസ്ത്രമേളയോടനുബന്ധിച്ച് സ്കൂൾ ശാസ്ത്രമേള സംഘടിപ്പിച്ച് ശാസ്ത്രമേളയ്ക്കുള്ള കുട്ടികളെ കണ്ടെത്തി അവർക്കുള്ള പരിശീലനം നൽകുന്നു. | September, October | | Rs 500/- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന കാലം | ചുമതല | സാമ്പത്തി |
|---|---|---|---|---|
| ഗണിതാശയങ്ങൾ ഉറപ്പിക്കൽ | ക്ലാസ് പ്രവർത്തനങ്ങളുടെ അധിക പ്രവർത്തനങ്ങളായ project, Seminar, Assignments നൽകി കുട്ടികളിൽ ഗണിതാശയങ്ങൾ ഉറപ്പിക്കുന്നു.<br>ഉദാ: ചുറ്റുമുള്ള കുടുംബങ്ങളുടെ മാസവരുമാനം കണ്ടെത്തി ശരാശരി വരുമാനം വ്യത്യസ്ത രീതിയിൽ കാണുന്നു.<br>Clinometer - നിർമ്മാണം സ്കൂളിലെ കെട്ടിടം, ഉയർന്ന കെട്ടിടങ്ങൾ ഇവയുടെ ഉയരം കാണുന്നു. | June to February. | ഗണിതാധ്യാപകർ<br>കുട്ടികൾ | |
| രക്ഷിതാക്കളെ ബോധവത്കരിക്കൽ | മാസത്തിൽ PTA നടത്തി കുട്ടികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. | | | |

# യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിത ശിൽപശാല<br>കളിരീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ... ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2. രസകരമായ ഗണിത ശാസ്ത്രപഠനവും കരചലനശേഷിയുടെ വികാസവും. | ഒറിഗാമി ശിൽപശാല<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമിക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3. ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | ഗണിത പഠനത്തിനാവശ്യമായ വിവിധ ചാർട്ടുകൾ കുട്ടികൾ നിർമിക്കുന്നു. അവസരം ടീച്ചറിന്റെ നേതൃത്വത്തിൽ ക്ലാസിൽ നൽകുന്നു. | രണ്ട് ദിവസം | ഗണിത അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4. ഗണിതമേഖലയിൽ കുട്ടികളുടെ താൽപര്യം വർധിപ്പിക്കൽ. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി താത്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു | വർഷത്തിൽ 3-4 പ്രാവശ്യം | ഗണിത അധ്യാപകർ ക്ലബ് ലീഡർമാർ | |
| 5. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | വർഷത്തിൽ 4 പ്രാവശ്യം. | ഗണിത അധ്യാപകർ. | |
| 6. വിവിധ ശേഷികളുടെ വികസനം. | ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRGയിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |
| 7. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും, മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പീരിയഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും. | |

# സോഷ്യൽ സയൻസ്

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യ വിവരണം | പ്രവർത്തന കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് |
| --- | --- | --- | --- | --- |
| പരിസ്ഥിതി ദിനാചരണം | പരിസ്ഥിതി സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത സൃഷ്ടിക്കൽ - പ്ലാസ്റ്റിക്കിന്റെ ദോഷഫലങ്ങൾ ബോധ്യപ്പെടുത്താൻ June 5 പരിസ്ഥിതി ദിനം ആചരിക്കുന്നു | ജൂൺ 5 മുതൽ ഒരാഴ്ചക്കാലം | സോഷ്യൽ സയൻസ് ക്ലബ്ബ് അംഗങ്ങൾ | അധ്യാപകർ [illegible] |
| ബോധവൽക്കരണ ക്ലാസ്സുകൾ. | ലഹരി ഉപയോഗം, റോഡ് സുരക്ഷ, വൈദ്യുതി സംരക്ഷണം, സാമൂഹ്യ പ്രശ്നങ്ങൾ, ഇടപെടലുകൾ ഇവയെപ്പറ്റി ബോധവൽക്കരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | Social Science teacher | അധ്യാപകർ PTA |

| പ്രവർത്തനത്തിന്റെ പേര് | ലഘുവിവരണം | പ്രവർത്തന കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| ജൈവവിഭവ സംരക്ഷണ പ്രചരണം. | ജൈവ വിഭവ സംരക്ഷണത്തിനായി പരിസ്ഥിതി, സാമൂഹ്യ ദിനാചരണങ്ങൾ വലിയ പ്രാധാന്യത്തോടെ നടത്തുന്നു. | ആഗസ്റ്റ് 7 മുതൽ 10 വരെ | സോഷ്യൽ സയൻസ് Tr. | — |
| ഔഷധികളെ പരിചയപ്പെടുത്തുന്നു. | നാട്ടുവൈദ്യത്തിന് വേണ്ടി ഉപയോഗിക്കുന്ന ഔഷധികളെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | S.S. Tr. | — |
| ക്വിസ് മത്സരങ്ങൾ<br>ആനുകാലിക വാർത്താ ശേഖരണം. | ആനുകാലിക വിഷയങ്ങൾ, ദിനാചരണങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരങ്ങൾ നടത്തുന്നു. | ജൂൺ മുതൽ ജനുവരി വരെ. | സോഷ്യൽ സയൻസ് ക്ലബ്ബ് അംഗങ്ങൾ. | അദ്ധ്യാപകർ. |

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യവിവരണം | പ്രവർത്തന കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| ദിനാചരണങ്ങൾ. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ടുകൊണ്ടു, ദിനാചരണങ്ങളും നടത്തുന്നു. | June മുതൽ March വരെ | Social Science Teacher. | Teachers, PTA. |
| ചരിത്രഗ്രന്ഥങ്ങൾ പരിചയപ്പെടുത്തുന്നു. | ചരിത്രപ്രധാനമായ ചില പുസ്തകങ്ങൾ - War and Peace by Leo Tolstoy ഗാന്ധിജിയുടെ ആത്മകഥ ഇത്തരം ഗ്രന്ഥങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുന്നു | ഒക്ടോബർ നവംബർ മാസങ്ങളിൽ | S. S. Teacher. | — |
| ആൽബം തയ്യാറാക്കുന്നു. | സ്വാതന്ത്ര്യ സമര സേനാനികൾ, സാമൂഹ്യ പരിഷ്കർത്താക്കൾ | | | |

| പ്രവർത്തനത്തിന്റെ പേര് | ലഘുവിവരണം | പ്രവർത്തന കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് | ജനാധിപത്യവ്യവസ്ഥയിലെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുടെ പടിപ്പടിയായ ഘട്ടങ്ങളെ പറ്റി കുട്ടികൾക്ക് ബോധ്യം നൽകുന്നതിന് സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് നടത്തുന്നു. | September മാസം | ഹെഡ്മിസ്ട്രസ് S.S. Teacher & മറ്റ് അധ്യാപകരും. | — |
| പഠനയാത്ര | ചരിത്രപ്രധാനമായ സ്ഥലങ്ങളിലേക്ക് പഠനയാത്ര നടത്തുന്നു. | Once in a year | Hm and Teachers. | അധ്യാപകരും കുട്ടികളുടെ രക്ഷിതാക്കളും. |

| പ്രവർത്തനത്തിന്റെ പേര് | ചെറു വിവരണം | പ്രവർത്തന കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| ചലച്ചിത്ര പ്രദർശനം. · Uncle Tom's Cabin · Gandhi | അടിമത്ത പ്രശ്നം വിഷയമായി അവതരിപ്പിക്കുന്ന Uncle Tom's Cabin, Richard Attenborough യുടെ Gandhi എന്നീ ചലച്ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു. | പാഠപ്രവർത്തനവുമായി ബന്ധപ്പെട്ട് സാധാരണ ഒരു ഫ്രീ പീരിയഡിൽ | SITC and Social Science Teacher. | – |
| യുദ്ധസ്മാരകം സന്ദർശിക്കുന്നു. | അനാഥരായ യുദ്ധരെ പാർപ്പിച്ചിരിക്കുന്ന സൈനികാശുപത്രി - (ഉദാ: SH 000) സന്ദർശിക്കുന്നു. | ഓണം/ ക്രിസ്മസ് അവധിക്കാലത്തോടനുബന്ധിച്ച് | Social Science Teacher and NCC Cadets. | സ്പോൺസർ |

| പ്രവർത്തനത്തിന്റെ പേര് | പ്രക്രിയ വിവരണം | പ്രവർത്തന കാലയളവ് | ചുമതല | സാമ്പത്തിക ആവശ്യം |
| --- | --- | --- | --- | --- |
| അഭിമുഖം | ധനകാര്യ സ്ഥാപനങ്ങൾ ബാങ്കുകൾ, ഉൽപാദന പ്രവർത്തനങ്ങൾ ഇവയുമായി ബന്ധപ്പെട്ട് ബാങ്ക് ഉദ്യോഗസ്ഥരുമായി അഭിമുഖം നടത്തുന്നു. | നവംബർ മാസം. | S.S Teacher | - |
| പ്രസംഗ മത്സരം, പ്രസംഗ പരിശീലനം. | ദിനാചരണങ്ങളോടനുബന്ധിച്ച് പ്രസംഗമത്സരങ്ങൾ നടത്തുന്നു. S.S. Club അംഗങ്ങൾക്ക് പ്രസംഗ പരിശീലനം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | S.S Teacher. | സമ്മാനങ്ങൾ |

| പ്രവർത്തനത്തിന്റെ പേര് | ലഘു വിവരണം | പ്രവർത്തന കാലാവധി | ചുമതല | സാമ്പത്തിക ബാധ്യത |
|---|---|---|---|---|
| സാമൂഹ്യ പ്രശ്നങ്ങൾ അവലോകനം ചെയ്യുന്നു. | സമൂഹത്തിലെ വിവിധ പ്രശ്നങ്ങളെ പറ്റി ആഴത്തിൽ മനസ്സിലാക്കി ക്രിയാത്മകമായി ഇടപെടുന്നതിന് പ്രാപ്തരാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | S.S. Teacher & NCC Cadets | — |
| അറ്റ്ലസ് നിർമ്മാണം | ഭൂപ്രകൃതിയുടെ പഠനത്തിനായി [illegible] ഭൂപടങ്ങൾ നിർമ്മിക്കുന്നു. അറ്റ്ലസ് [illegible]. | ജൂലൈ മുതൽ ഡിസംബർ വരെ | സോഷ്യൽ സയൻസ് Tr. | കുട്ടികൾ |
| പത്രിക തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. | മൗലികാവകാശങ്ങൾ, മൗലിക കർത്തവ്യങ്ങൾ പത്രികാ പതിപ്പുകളിൽ പ്രദർശിപ്പിക്കുന്നു. | നവംബർ മാസം | Social Science Club അംഗങ്ങൾ | Teacher. |

# യു.പി സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | <u>കളിയിൽ നിന്ന് കാര്യത്തിലേക്ക്</u><br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| | <u>ഓർമ്മച്ചെപ്പ്</u><br>അന്തർദേശീയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ, തുടങ്ങിയ അടിസ്ഥാനവിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് Memory Test നടത്തുന്നു. | ജൂൺ - ജൂലൈ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | <u>Virtual Field Trip</u><br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | ആഗസ്റ്റ് | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3. ജനാധിപത്യപരമായ ജീവിതസമീപനം രൂപപ്പെടുത്തുക. | ഗ്രാമസഭ, വാർഡ് സഭ. എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4. പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാൻമാരാക്കുന്നു. | പ്രകൃതി ദുരന്തങ്ങളുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ അതിന്റെ തീവ്രതയെ കുറിച്ച് മനസ്സിലാക്കുകയും രക്ഷാപ്രവർത്തനങ്ങളിലേർപ്പെടുന്നതിന് കുട്ടികളെ ബോധവാൻമാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5. സഹജീവികളോട് സഹഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 6. സാമൂഹ്യമാധ്യമങ്ങളിലൂടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | സാമൂഹ്യശാസ്ത്ര ക്ലബിന്റെ ആഭിമുഖ്യത്തിൽ കുട്ടികൾക്കും രക്ഷിതാക്കൾക്കും സൈബർ കുറ്റകൃത്യം, റോഡ് സുരക്ഷ എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം. | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| 7. സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുന്നു. | മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാടുകൾ, കാവുകൾ, ജലാശയങ്ങൾ, തുടങ്ങിയവ സന്ദർശിച്ച് സർവേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 8. സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ വിദ്യാർത്ഥികളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ചോദ്യോത്തരവേളകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |